**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 784 — 17-07-2014 -ൽ മറുപടിയ്ക്ക്

## മരുന്നു പരീക്ഷണം

ചോദ്യം

ശ്രീ.പി. ഉബൈദുള്ള
ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. കെ.എം. ഷാജി
ശ്രീ. കെ. എൻ.എ ഖാദർ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ട വർഷത്തിനിടെ മരുന്നു പരീക്ഷണങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടെ മരുന്നു പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. നമ്മുടെ രാജ്യത്ത് മരുന്നു പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള അനുവാദം നൽകുവാനുള്ള അധികാരം ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ), ന്യൂഡൽഹി - ൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) നൽകുന്ന അംഗീകാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ അറിയിക്കാറില്ല. ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വകുപ്പ് തിരുവനന്തപുരത്തെ മെഡിക്കൽ കോളേജിനടുത്ത് പ്രവർത്തിക്കുന്ന ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ, പ്രസ്തുത സ്ഥാപനം ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) യുടെ അംഗീകാരമുള്ള പരീക്ഷണങ്ങൾ മാത്രമേ നടത്തുന്നതായി കണ്ടെത്തിയുള്ളൂ. |
| (ബി) അനധികൃത മരുന്നു പരീക്ഷണം ഏതെങ്കിലും കമ്പനികൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ)യുടെ അനുവാദമില്ലാതെ സംസ്ഥാനത്ത് മരുന്ന് പരീക്ഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടില്ല. |
| (സി)ഇക്കാര്യത്തിൽ സുപ്രീംകോടതി അടുത്തിടെ നിർദ്ദേശിച്ച ഉപാധികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെങ്കിലും സർക്കാരിന് ലഭി | (സി) ബഹു.സുപ്രീംകോടതിയുടെ 30/09/2013 ലെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പുതിയ മരുന്നുകളുടെ ക്ലിനിക്കൽ ട്രയൽ കർശനമായും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് |

| | |
|---|---|
| ച്ചിട്ടുണ്ടോ യെന്നറിയിക്കുമോ? | റുളിലെ ഷെഡ്യൂൾ Y ൽ അനുശാസിക്കുന്ന രീതിയിൽ നടത്തേണ്ടതും അത് സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഓഫ് ഇന്ത്യയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ